പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2039 22.03.2012ൽ മറുപടിയ്ക്ക്

ലീഗൽ കൗൺസലിംഗ് സെന്റർ

**ചോദ്യം**

ശ്രീ. പാലോട് രവി

" ബെന്നി ബെഹനാൻ

" വി.പി. സജീന്ദ്രൻ

" അൻവർ സാദത്ത്

**ഉത്തരം**

ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ലീഗൽ കൗൺസലിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ലീഗൽ കൗൺസലിംഗ് സെന്ററുകൾ ഒന്നും തന്നെ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരം സാമൂഹിക ക്ഷേമ വകുപ്പിൽ കീഴിൽ പ്രവർത്തിക്കുന്ന സേവന ദാതാക്കളുടെ സ്ഥാപനങ്ങളിലായി ലീഗൽ സർവ്വീസസ് അതോറിറ്റി പാനലിലുള്ള അഭിഭാഷകർ കൗൺസലിംഗ് നടത്തുന്നുണ്ട്. സംസ്ഥാനത്തെ ജയിലുകളിലും ജുവനൈൽ ഹോമുകളിലും കൗൺസലിംഗ്സെന്ററുകൾ ആരംഭിക്കുവാനുള്ള നടപടികൾ നടന്നുവരികയാണ്. |
| (ബി) സൗജന്യ നിയമ സഹായം, കുടുംബതർക്ക കൗൺസലിംഗ്, പൊതുതാല്പര്യ ഹർജി സമർപ്പിക്കൽ എന്നിവയ്ക്ക് ഈ സെന്ററുകളിൽ സൗകര്യം ഏർപ്പെടുത്തുമോ; | പൊതുജനങ്ങൾക്ക് നിയമോപദേശം നൽകുന്നതിനും നിയമപ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനുമായി കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന ലീഗൽ എയ്ഡ് ക്ലിനിക്കുകൾ വഴി സൗജന്യ നിയമ സഹായം, കുടുംബതർക്ക കൗൺസലിംഗ് മുതലായ സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകിവരുന്നുണ്ട്. പൊതുതാൽപ്പര്യ ഹർജി സമർപ്പിക്കുന്നതിനായി ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുകയും ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റി മുഖേന സൗകര്യം |

| | |
|---|---|
| | നൽകുകയും ചെയ്തുവരുന്നുണ്ട്. |
| (സി)വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും നിയമ ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കും നിയമ ബോധവൽക്കരണം നൽകുക എന്നത് കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്. വിദ്യാർത്ഥികൾക്ക് നിയമ സാക്ഷരതാ ക്ലാസ്സുകൾ എല്ലാ വർഷവും നടത്തിവരുന്നുണ്ട്. നിയമ സാക്ഷരതയ്ക്കായി കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി പ്രസിദ്ധീകരിക്കുന്ന നിയമപാഠം, 'ലെസ്സൺസ് ഇൻ ലോ' എന്നീ പുസ്തകങ്ങൾ അടിസ്ഥാനമാക്കി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് നിയമസാക്ഷരതാ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി 'ലെസ്സൺസ് ഇൻ ലോ' എന്നീ പുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള സംസ്ഥാനതല ക്വിസ്സ് മൽസരം കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 2011-12 അദ്ധ്യയന വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത മൽസരത്തിൽ സംസ്ഥാനമൊട്ടാകെയുള്ള മുന്നൂറ്റമ്പതോളം സ്കൂളുകൾ പങ്കെടുത്തു. സംസ്ഥാനതലത്തിലെ വിജയികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന്റെ ആവശ്യത്തിലേയ്ക്കായി ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ എന്നിവ മുഖേന പൊതുജനങ്ങൾക്കായി നിരവധി നിയമബോധവൽക്കരണ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ